**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3139** **26-06-2024 - ൽ മറുപടിയ്ക്ക്**

**നെല്ലിയാമ്പതി റോഡ് പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പ്രളയത്തിൽ തകർന്ന നെല്ലിയാമ്പതി റോഡ് പുനർനിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള കെ.എസ്.റ്റി.പി മുഖേന ആർ.കെ.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തിയ നെന്മാറ - നെല്ലിയാമ്പതി റോഡിന്റെ പുനരുദ്ധാരണങ്ങൾക്ക് 105.48 കോടി രൂപയുടെ ഭരണാനുമതി 15.08.2020 തീയതിയിലെ GO (Rt) No. 317/2020/P&EA പ്രകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി 16.06.2021 ൽ ടെണ്ടർ ചെയ്തു. Lowest Bidder -ക്ക് വർക്ക് അവാർഡ് ചെയ്തുവെങ്കിലും അദ്ദേഹം അത് സ്വീകരിക്കാതിരിക്കുകയും Bid Security കണ്ടുകെട്ടാതിരിക്കുന്നതിന് ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തു. കോടതി ഉത്തരവ് പ്രകാരം Bid Security അദ്ദേഹത്തിന് റിലീസ് ചെയ്തു. Bid കാലാവധി കഴിഞ്ഞതിനാൽ ബാക്കിയുള്ള Lowest Bidders Bid Validity ദീർഘിപ്പിക്കുന്നതിന് തയ്യാറായില്ല. ആയതിനാൽ പ്രവൃത്തിയുടെ എഗ്രിമെന്റ് വെയ്ക്കാൻ സാധിച്ചില്ല. പ്രവൃത്തി വീണ്ടും ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>പൊതുമരാമത്ത് നിരത്തുകൾ വിഭാഗം പ്രസ്തുത റോഡിൽ കി. മീ. 19/400, 19/450 എന്നീ ചെയിനേജുകളിൽ തകർന്ന ഭാഗത്ത് 53.90 ലക്ഷം രൂപ ഉപയോഗിച്ച് പാർശ്വഭിത്തി പുനഃനിർമ്മിച്ചിട്ടുള്ളതും കി. മീ. 13/150, 19/100 എന്നീ ചെയിനേജുകളിൽ തകർന്ന പാർശ്വഭിത്തി പുനഃനിർമ്മിക്കുന്നതിനായി 45.30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടുള്ളതും അത് സർക്കാരിൽ പരിശോധിച്ച് വരികയുമാണ്. |
| (ബി) | പ്രസ്തുത റോഡിന്റെ ടെൻഡർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ; | (ബി) | നിലവിലെ 30.47 Km -ൽ 7.5 Km descope ചെയ്യേണ്ടതായുണ്ട്. പൊതുമരാമത്ത് നിരത്തുകൾ ഡിവിഷൻ, പാലക്കാട് 7.5 Km -ൽ പ്രവൃത്തികൾ ചെയ്തതിന്റെ DLP നിലനിൽക്കുന്നതിനാൽ 7.5 Km ഒഴിവാക്കി നിലവിൽ 22.97 Km ആണ് പുതുക്കിയ |

| | | | |
|---|---|---|---|
| | | | DPR -ൽ DPR Consultant (M/s Louis Berger International) നൽകിയിട്ടുള്ളത്. ആയത് ground truthing നായി കെ.എസ്.റ്റി.പി. കറ്റിപ്പുറം ഡിവിഷന് നൽകിയിട്ടുണ്ട്. റിവൈസ്ഡ് ഡിപിആർ അംഗീകരിച്ചശേഷം ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ കഴിയും. |
| (സി) | പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി നിലവിൽ പൂർത്തീകരിച്ചിട്ടുള്ള നപടികൾ വിശദമാക്കുമോ? | (സി) | (ബി) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ